## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 910 30.06.2015 ൽ മറുപടിക്ക്

# തൊഴിൽ തർക്കങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ എം.എൽ.എ | ശ്രീ.ഷിബു ബേബി ജോൺ<br>ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി. |
| (എ) തൊഴിൽ തർക്കങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഇത്തരം തർക്കങ്ങൾ യഥാസമയം പരിഹരിക്കപ്പെടാത്തത് വ്യവസായ മേഖലയെ ദോഷകരമായി ബാധിക്കുന്നതാണെന്നത് നിരീക്ഷിച്ചിട്ടുണ്ടോ ; | (ബി)ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അടിയന്തരമായി തൊഴിൽ തർക്കങ്ങൾ തീർപ്പാക്കുന്നതിനും വ്യവസായ ശാലകളിൽ ഉണ്ടാകുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ? | (സി) തൊഴിൽ തർക്കങ്ങൾ കാലതാമസമില്ലാതെ പരിഹരിക്കുവാനും, വ്യവസായശാലകളിലെ തൊഴിൽ പ്രതിസന്ധികളിൽ സമയോചിതമായി ഇടപെട്ട് കാലവിളംബം കൂടാതെ തന്നെ പ്രതിസന്ധി പരിഹരിക്കുവാനും തൊഴിൽ വകുപ്പ് ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. തൊഴിൽ തർക്കങ്ങൾ സംബന്ധിച്ച വിവരം ലഭ്യമായാൽ അനുരഞ്ജന ഉദ്യോഗസ്ഥർ ഇടപെട്ട് ഇരുകൂട്ടരെയും ചർച്ചയ്ക്ക് വിളിക്കുകയും പ്രശ്നം അടിയന്തരമായി പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ചർച്ചയിൽ സമവായം ഉണ്ടാകുന്ന സാഹചര്യത്തിൽ ഇരുകൂട്ടരും തമ്മിൽ അനുരഞ്ജന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ കരാർ ഒപ്പുവയ്ക്കുകയും തുടർന്ന് കരാർ പ്രാബല്യകാലഘട്ടത്തിൽ കരാർ വ്യവസ്ഥ പ്രകാരം വ്യവസായ സ്ഥാപനം സുഗമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ